# അമലവാണി

പ്രതിമാസ ന്യൂസ് ലെറ്റർ

അമല ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, തൃശൂർ

ലക്കം 10 നമ്പർ 06 സ്വകാര്യ വിതരണത്തിന് മാത്രം

ജൂലൈ - ആഗസ്റ്റ് 2014


## 128 സ്ലൈസ് സി. ടി. സ്കാൻ



അമലയിൽ അഞ്ചരകോടി രൂപ മുടക്കി പുതിയതായി സ്ഥാപിച്ച 128 സ്ലൈസ് സി. ടി. സ്കാനിന്റെ ഉദ്ഘാടനം കേരള റവന്യൂ വകുപ്പ്മന്ത്രി അടൂർ പ്രകാശ് നിർവ്വഹിച്ചു. സർക്കാരിന്റെ കാരുണ്യ പദ്ധതിയിൽ നിന്നും 35000 പേർക്ക് ഇതിനോടകം ധനസഹായം ലഭിച്ചതായി മന്ത്രി അറിയിച്ചു. 369 കോടി രൂപ കാരുണ്യ ലോട്ടറിയിൽ നിന്നും സമാഹരിക്കാൻ സർക്കാരിന് കഴിഞ്ഞു. പാവപ്പെട്ട രോഗികൾക്ക് വിദഗ്ദ ചികിത്സ ലഭ്യമാക്കുന്നതിന് ഏറെ പ്രാധാന്യം നൽകുന്ന അമല മാനേജ്മെന്റിനെ മന്ത്രി ശ്ലാഹിച്ചു. ദേവമാതാ പ്രൊവിൻഷ്യാൾ ഫാ. വാൾട്ടർ തേലപ്പിള്ളി, അമല ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, പ്രിൻസിപ്പാൾ ഡോ. എം. ആർ. ചന്ദ്രൻ, റേഡിയോളജി വിഭാഗം മേധാവി ഡോ. വി. ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു. അസോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ നന്ദി പറഞ്ഞു.

## മെഡിക്കൽ ലാബ് ഡിപ്ലോമ വിതരണം



ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ അംഗീകാരത്തോടെ നടത്തുന്ന ലാബ് ടെക്നോളജി, ഹിസ്റ്റോ പാത്തോളജി ഡിപ്ലോമ കോഴ്സുകൾ പാസായവർക്കുള്ള സർട്ടിഫിക്കറ്റു കളുടെ വിതരണം സിറ്റി പോലീസ് കമ്മീഷണർ പി. പ്രകാശ് നിർവ്വഹിച്ചു. ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി നവാഗതരെ പൂച്ചെണ്ട് നൽകി സ്വീകരിച്ചു. ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻ പുരയ്ക്കൽ, പ്രിൻസിപ്പൽ ഡോ. എം. ആർ. ചന്ദ്രൻ, പാത്തോളജി അസോസിയേറ്റ് പ്രൊഫസർ ഡോ. എം. സി. സാവിത്രി, ലാബ് ഇൻചാർജ് സിസ്റ്റർ എലിസബത്ത്, മിസ്. ജിജി ജോണി എന്നിവർ പ്രസംഗിച്ചു.

## നേഴ്സിംഗ് തുടർ വിദ്യാഭ്യാസ പരിപാടി



ട്രെയിൻസ് നേഴ്സസ് അസോസിയേഷൻ ഓഫ് ഇന്ത്യയും അമല കോളേജ് ഓഫ് നേഴ്സിംഗും സംയുക്തമായി അർബുദത്തെക്കുറിച്ച് നടത്തിയ സംസ്ഥാനതല നേഴ്സിംഗ് തുടർ വിദ്യാഭ്യാസ പരിപാടികളുടെ ഉദ്ഘാടനം ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി നിർവ്വഹിച്ചു. ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, കാൻസർ വിഭാഗം മേധാവി ഡോ. പി. സി. സുധീരൻ, കോളേജ് ഓഫ് നേഴ്സിംഗ് പ്രിൻസിപ്പൽ ഡോ. രാജി രഘുനാഥ്, വൈസ് പ്രിൻസിപ്പൽ സിസ്റ്റർ മേരി മണ്ണാറത്ത് എന്നിവർ പ്രസംഗിച്ചു. ഡോ. സി. ആർ. സാജു, ഡോ. അനിൽ ജോസ്, ഡോ. പി. സി. സുധീരൻ, ഡോ. റെന്നീസ് ഡേവിസ്, ഡോ. ഹരിശങ്കർ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ച് സംസാരിച്ചു. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നായി 250 ഓളം നേഴ്സുമാർ പങ്കെടുത്തു.

## ഈദ് പെരുന്നാൾ ആഘോഷം



അമലയിൽ രോഗികളായി കഴിയുന്ന മുസ്ലീം സഹോദരങ്ങൾക്ക് ചെറിയ പെരുന്നാളിന് മംഗളാശംസകളും സമ്മാനങ്ങളും നൽകി. ഡി.വൈ.എസ്.പി.പി. വാഹിദ്, പേരാമംഗലം സി. ഐ. പി. അബ്ദുൾ മുനീർ, അമലനഗർ മോസ്ക് ഖത്തീബ് അബ്ദുൾ സത്താർ ദാരിമി, അമല ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. തോമസ് വാഴക്കാല എന്നിവർ പങ്കെടുത്തു.

## ഫാ. ജോയി പയ്യപ്പിള്ളിക്ക് യാത്രയയപ്പ് നൽകി

എം.ടെക്. പഠനത്തിനായി പോകുന്ന അസോസിയേറ്റ് ഡയറക്ടർ ഫാ. ജോയ് പയ്യപ്പിള്ളിക്ക് അമല കുടുംബാംഗങ്ങൾ സമുചിതമായ യാത്രയയപ്പ് നൽകി. ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരി, ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. ജെയ്സൺ മുണ്ടന്മാണി, പ്രിൻസിപ്പൽ ഡോ. എം. ആർ. ചന്ദ്രൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. കെ. ഭവദാസൻ, നേഴ്സിംഗ് സൂപ്രണ്ട് സിസ്റ്റർ ലില്ലിബെറ്റ്, എഞ്ചിനീയർ ജോസ് മേക്കാട്ടുകുളം എന്നിവർ പ്രസംഗിച്ചു.

## അമലയ്ക്ക് അനുമോദനം



പച്ചക്കറി വികസന പദ്ധതിയിൽ തൃശ്ശൂർ ജില്ലാതലത്തിൽ മികച്ച സ്ഥാപനത്തിനുള്ള പുരസ്കാരം നേടിയ അമല മെഡിക്കൽ കോളേജിനെ അടാട്ട് ഗ്രാമപഞ്ചായത്തും, കേരള കൃഷിവകുപ്പും കർഷക ദിനാചരണ യോഗത്തിൽവെച്ച് അനുമോദിച്ചു. ജോയിന്റ് ഡയറക്ടർ ഫാ.ജൂലിയസ് അറയ്ക്കൽ പുരസ്കാരം ഏറ്റുവാങ്ങി.

## ഫ്രണ്ട്സ് ഓഫ് അമല

അമലയിൽ പ്രവർത്തിക്കുന്ന അഭയം പാലിയേറ്റീവ് കെയർ സെന്ററിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഉപകരണങ്ങൾ നൽകാൻ ഫ്രണ്ട്സ് ഓഫ് അമല മീറ്റിംഗ് തീരുമാനിച്ചു. പ്രൊവിൻഷ്യാളായി തിരഞ്ഞെടുക്കപ്പെട്ട ഫാ. വാൾട്ടർ തേലപ്പിള്ളിയേയും, ഡയറക്ടറായി തിരഞ്ഞെടുക്കപ്പെട്ട ഫാ. ഫ്രാൻസിസ് കുരിശ്ശേരിയെയും യോഗം അനുമോദിച്ചു. പ്രസിഡന്റ് ജോസ് ചിറിയങ്കണ്ടത്ത്, സെക്രട്ടറി സോളി തോമസ് വാഴക്കാല എന്നിവർ പ്രസംഗിച്ചു.

## പ്രസ്സ്ക്ലബിൽ ആയുർവ്വേദക്യാമ്പ്




അമല ആയുർവ്വേദ ആശുപത്രിയുടെ നേതൃത്വത്തിൽ പ്രസ്സ്ക്ലബിൽ പത്രപ്രവർത്തകർക്കായി സൗജന്യ ആയുർവ്വേദ മെഡിക്കൽ ക്യാമ്പ് നടത്തി. ദേവമാതാ പ്രൊവിൻഷ്യാൾ ഫാ. വാൾട്ടർ തേലപ്പിള്ളി ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

പത്രപ്രവർത്തകരുടെ ആരോഗ്യ സംരക്ഷണത്തിന് അമലയുടെ സഹകരണം എല്ലാ സമയങ്ങളിലും ഉണ്ടാകാറുണ്ടെന്നും അത് ഇനിയും തുടരുമെന്നും അദ്ദേഹം പറഞ്ഞു. അമലയുടെ ഡയറക്ടർ സ്ഥാനത്ത് നിന്ന് പ്രൊവിൻഷാളായി തെരഞ്ഞെടുക്കപ്പെട്ട ഫാ. വാൾട്ടർ തേലപ്പിള്ളിയെയും അമലയുടെ പുതിയ ഡയറക്ടർ ഫാ. ഫ്രാൻസിസ് കുരിശ്ശേരിയേയും യോഗത്തിൽ അനുമോദിച്ചു. പ്രസ്ക്ലബ് പ്രസിഡന്റ് വി. എം. രാധാകൃഷ്ണൻ അധ്യക്ഷത വഹിച്ചു. അമല അസോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻ പുരയ്ക്കൽ, ആയുർവ്വേദ ചീഫ് ഫിസിഷ്യൻ ഡോ. എം. കേശവൻ, പി. ആർ. ഒ. ജോസഫ് വർഗീസ് എന്നിവർ സന്നിഹിതരായിരുന്നു. പ്രസ്ക്ലബ് സെക്രട്ടറി കെ. സി. അനിൽ കുമാർ സ്വാഗതവും ട്രഷറർ പോൾമാത്യു നന്ദിയും പറഞ്ഞു. ഡോ. സ്മോമി ജോസ്, ഡോ. രോഹിണി വാര്യർ, ഡോ. എസ് പൂജ, ഡോ. ഷിമോണ ബാബു എന്നിവരും ക്യാമ്പിൻ പരിശോധനനടത്തി.

## റോഡ് സുരക്ഷ ബോധവൽക്കരണം



അമലയും ഹൈവേ സുരക്ഷ ജാഗ്രത സമിതിയും സംയുക്തമായി മുണ്ടൂരിൽ നടത്തിയ റോഡ് സുരക്ഷ ബോധവൽക്കരണ പരിപാടിയുടെ ഉദ്ഘാടനം തൃശ്ശൂർ അസിസ്റ്റന്റ് പോലീസ് കമ്മീഷണർ സി. എസ്. ഷാഹുൽ ഹമീദ് നിർവ്വഹിച്ചു. കൈപറമ്പ് പഞ്ചായത്ത് പ്രസിഡന്റ് സോഫി തോമസ് അദ്ധ്യക്ഷതവഹിച്ചു. അമല ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. തോമസ് വാഴക്കാല, കമ്മ്യൂണിറ്റി മെഡിസിൻ അസിസ്റ്റന്റ് പ്രൊഫസർ ഡോ. വിവിൻ വിൻസെന്റ്, പി. ആർ. ഒ. ജോസഫ് വർഗ്ഗീസ്, പേരാമംഗലം ഹൈവേ പോലീസ്സ് എസ്. ഐ. എം. ബാബു എന്നിവർ പ്രസംഗിച്ചു. ബോധവൽക്കരണത്തിൽ പൊതുജനങ്ങളും ഓട്ടോ ടാക്സി ഡ്രൈവർമാരും പങ്കെടുത്തു.

## ലോക യുവജനദിനാചരണം



അമല സോഷ്യൽവർക്ക് വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ ലോക യുവജനദിനാചരണത്തിന്റെ ഉദ്ഘാടനം ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ നിർവ്വഹിച്ചു. സൈക്യാട്രി വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. വാസുദേവൻ നമ്പൂതിരി, പി.ആർ. ഒ. ജോസഫ് വർഗ്ഗീസ്, സോഷ്യൽ വർക്കർമാരായ പി. വി. ആഷിത, അഞ്ചുജോസ് എന്നിവർ പ്രസംഗിച്ചു.

## ലോക മുലയൂട്ടൽ വാരാചരണം



ലോകമുലയൂട്ടൽ വാരാചരണത്തിന്റെ ഭാഗമായി പാട്ടുരായ്ക്കൽ അമല അർബൻ ഹെൽത്ത് സെന്ററിന്റെയും, ദേവമാത ഹയർ സെക്കറി സ്കൂളിന്റേയും ആഭിമുഖ്യത്തിൽ നൂറ് അമ്മമാർ ചേർന്ന് മുലയൂട്ടൽ മാഹാത്മ്യ വിളംബര റാലി നടത്തി. ദേവമാതാ പ്രൊവിൻഷ്യാൾ ഫാ. വാൾട്ടർ തേലപ്പിള്ളി ജാഥാക്യാപ്റ്റൻ പി. എ. ഗീവർഗ്ഗീസിന് വിളംബര പതാക കൈമാറി. സിസ്റ്റർ ജിസ് മരിയ ആശംസ സന്ദേശം നൽകി. അമല മെഡിക്കൽകോളേജ് കമ്മ്യൂണിറ്റി വിഭാഗം മേധാവി ഡോ. സി. ആർ. സാജു, ഡോ. വി. ശ്രുതി, ഡോ. ദിവ്യ, അസിസ്റ്റന്റ് പ്രൊഫസർ നവ്യ എന്നിവർ പ്രസംഗിച്ചു.

## കർക്കിടക നിലാവ്



അമല ആയുർവ്വേദാശുപത്രിയുടേയും ചേതന സംഗീത കോളേജിന്റേയും സംയുക്താഭിമുഖ്യത്തിൽ നടത്തിയ കർക്കിടക നിലാവ് പരിപാടിയുടെ ഉദ്ഘാടനം ഗുരുവായൂർ ദേവസ്വം ചെയർമാൻ ടി. വി. ചന്ദ്രമോഹൻ നിർവ്വഹിച്ചു. ചേതനസംഗീത കോളേജ് പ്രിൻസിപ്പൽ ഫാ. പോൾ പൂവ്വത്തിങ്കൽ അദ്ധ്യക്ഷതവഹിച്ചു. അമല അസോസിയേറ്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻ പുരയ്ക്കൽ, ആയുർവ്വേദ ചീഫ് ഫിസിഷ്യൻ ഡോ. എം. കേശവൻ, ഡോ. തസ്നീം എന്നിവർ പ്രസംഗിച്ചു. കർക്കിടക കഞ്ഞി വിതരണവും വിവിധ കലാപരിപാടികളുടെ അവതരണവും ഇതോടൊപ്പം നടന്നു.

## അങ്കമാലി ഫെല്ലോഷിപ്പ് വാർഷികം



അമല ഫെല്ലോഷിപ്പ് അങ്കമാലി യൂണിറ്റിന്റെ 18-ാം വാർഷികവും കുടുംബ സംഗമവും സെന്റ് ജോർജ്ജ് ബസലിക്കയിൽ വെച്ച് മനുഷ്യാവകാശ കമ്മീഷൻ ചെയർമാൻ ജസ്റ്റിസ് ജെ. ബഞ്ചമിൻകോശി ഉദ്ഘാടനം നിർവ്വഹിച്ചു. സെന്റ് ജോർജ്ജ് ബസലിക്ക റെക്ടർ റവ. ഡോ. കുര്യാക്കോസ് മുണ്ടാടൻ അദ്ധ്യക്ഷത വഹിച്ചു. ലിറ്റിൽഫ്ളവർ ഹോസ്പിറ്റൽ ഡയറക്ടർ റവ. ഡോ. പോൾ വി. മാടൻ, ബാംബു കോർപ്പറേഷൻ ചെയർമാൻ പി. ജെ. ജോയ്, ഫെല്ലോഷിപ്പ് പ്രസിഡന്റ് ജോർജ് കുര്യൻ, അമല ഹോസ്പിറ്റൽ ജോയിന്റ് ഡയറക്ടർ ഫാ. ജൂലിയസ് അറയ്ക്കൽ, അസോസിയേറ്റ് ഡയറക്ടർ ഫാ. തോമസ് വാഴക്കാല, കമ്മ്യൂണിറ്റി മെഡിസിൻ മേധാവി ഡോ. സി. ആർ. സാജു, പി. ആർ. ഒ ജോസഫ് വർഗ്ഗീസ്, സെബി വർഗ്ഗീസ്, അഡ്വ. തോമസ് തച്ചിൽ എന്നിവർ പ്രസംഗിച്ചു.

## റാങ്ക് നേടി



ഷിൻസി

ക്രിസ്ത്യൻ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യ അഖിലേന്ത്യ തലത്തിൽ നടത്തിയ ലബോറട്ടറി ടെക്നോളജി ഡിപ്ലോമ പരീക്ഷയിൽ അമലയിലെ വി. എം. ഷിൻസിക്ക് രണ്ടാം റാങ്ക് ലഭിച്ചു.




**Amala Institute of Medical Sciences**
Amala Nagar P.O., Thrissur - 680 555, Kerala.
Phone : +91 - 487 - 2304000, Fax : +91 - 487 - 2307020
E-mail: info@amalaims.org director@amalaims.org
amalamedicalcollege@gmail.com Web: www.amalaims.org